ഇപ്പോഴത്തെ ഏർപ്പെടുത്തിയിട്ടുള്ള സ്റ്റാൻഡ് പരിഷ്ക്കാരത്തിനു മാറ്റം വരുത്തണം. തെക്കുഭാഗത്തുനിന്നുവരുന്ന ബസ്സുകളും വടക്കേചിറ സ്റ്റാൻഡിലും, വടക്കുഭാഗത്തുനിന്നു വരുന്ന ബസ്സുകളും ശക്തൻ തമ്പുരാൻ സ്റ്റാൻഡിലും എത്തത്തക്കവിധത്തിൽ നടപടിയുണ്ടാക്കണം. അതോടൊപ്പം മുനിസിപ്പൽ സ്റ്റാൻഡിലും സ്വരാജ് ഗ്രൗണ്ടിലും യാത്രക്കാർക്ക് കയറാനും ഇറങ്ങാനും ഉള്ള സ്റ്റോപ്പുകളും ഉണ്ടാക്കണം. ഈ മാറ്റം വരുത്തി യാത്രക്കാരുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ പഴയ മുനിസിപ്പൽ ആഫീസിനു മുൻഭാഗത്തായി പ്രവർത്തിച്ചിരുന്ന ബസ്സ്റ്റാൻഡ് അപര്യാപ്തമായിരുന്നു. അവിടെ വലിയ തിക്കും തിരക്കുമായിരുന്നു. തൃശ്ശൂർ നഗരത്തെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ ശാപവും ആയിരുന്നു. തൃശ്ശൂർ നഗരത്തിന്റെ ഭാവി വികസനത്തിന് ഏറ്റവും പ്രധാനമായിട്ടുള്ള, മനോഹരമായിട്ടുള്ള ഒരു ബസ്സ്റ്റാൻഡ് എല്ലാവർക്കും സ്വീകാര്യമായി. അതുകൊണ്ട് എല്ലാവരുംകൂടി ആലോചിച്ച് മുനിസിപ്പാലിറ്റി ഒരു തീരുമാനമെടുത്ത് ശക്തൻതമ്പുരാൻ നഗറിലേക്ക് ഈ ബസ്സ്റ്റാൻഡ് മാറ്റി. അത് ഏറ്റവും ഉചിതമായ ഒരു കാര്യമാണ്. പക്ഷേ ഇപ്പോഴത് തുടങ്ങിയതേയുള്ളൂ, കുറച്ച് അസൗകര്യങ്ങളും ജനങ്ങൾക്കുണ്ട്. ഇല്ലെന്നു ഞാൻ പറയുന്നില്ല. പക്ഷേ, ആ അസൗകര്യം പരിഹരിക്കുന്നതിനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കുകയാണ്.

ഒന്ന് ശക്തൻ തമ്പുരാൻ ബസ്സ്റ്റാൻഡിലേക്ക് കിഴക്കുഭാഗത്തുനിന്ന് വരുന്നതും, തെക്കുഭാഗത്തുനിന്നുള്ളതുമായ റോഡുകൾ ലെവൽ ചെയ്തു മെറ്റൽ ചെയ്തു പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ വണ്ടികൾ ഓടിക്കുവാൻ യാതൊരു ബുദ്ധിമുട്ടുമില്ല. പൊതുജനങ്ങൾക്ക് നടന്നുപോകാനും പ്രയാസമില്ല. പുതിയ ബസ്സ്റ്റാൻഡിലേക്ക് പട്ടാളം റോഡിൽ നിന്നുള്ള പുതിയ റോഡ് മണ്ണിട്ട് ലെവൽ ചെയ്തുവരുന്നുണ്ട്. എത്രയും വേഗം അതു തീരും. അപ്പോൾ പട്ടാളം റോഡുകൂടി അതിന്റെ ഇംപ്രൂവ്മെന്റിലേക്ക് കടന്നുകഴിഞ്ഞാൽ പിന്നെ ഒരു പ്രയാസവും ഇല്ല. ആ ബസ്സ്റ്റാൻഡിനെ സംബന്ധിച്ചിടത്തോളം ഇപ്പോഴും പൊതുജനങ്ങൾക്ക് ഈ റോഡിൽകൂടി ബുദ്ധിമുട്ട് കൂടാതെ ബസ്സ്റ്റോപ്പിൽ എത്താം. മേൽപ്പറഞ്ഞ റോഡുകളിലും ബസ്സ്റ്റാൻഡ് യാർഡിലും ലൈറ്റുകളും ആവശ്യത്തിനുണ്ട്. പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് കൂടുതൽ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട് എന്ന് അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

(6) എഴുവിന്ന പഞ്ചായത്തിലെ ഗവൺമെന്റ് ഡിസ്പെൻസറി

ശ്രീമതി കെ. ആർ. ഗൗരി : സർ, അരൂർ നിയോജകമണ്ഡലത്തിൽപ്പെട്ടതാണ് എഴുവിന്ന പഞ്ചായത്ത്. എഴുവിന്ന പഞ്ചായത്തിൽ 1949-ൽ തുടങ്ങിയതാണ് ഇന്നു നിലനിൽക്കുന്ന അലോപ്പതി ഡിസ്പെൻസറി. അവിടെയുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കെട്ടിടത്തിലാണ് ഡിസ്പെൻസറി നടത്തുന്നത്. ആ കെട്ടിടത്തിൽ സ്വാഭാവികമായി അതിന് കൂടുതൽ സൗകര്യങ്ങളും ഉണ്ടായിരുന്നതുകൊണ്ട് അവിടെ രോഗികളെ കിടത്തി ചികിൽസിച്ചുവരുന്നത്. ആ കെട്ടിടം ഒഴിഞ്ഞുകൊടുക്കണമെന്ന് സൊസൈറ്റി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അവിടെ ഒരു ഡിസ്പെൻസറി കെട്ടിടം പണിചെയ്തത്. ആ ഡിസ്പെൻസറി കെട്ടിടം പണി തീർന്നിട്ട് കുറച്ചു കാലമായി. ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടിയിട്ടില്ല. വെള്ളം കിട്ടുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിന് സൗകര്യമായില്ല. അതിനും പുറമേ ഈ ഡിസ്പെൻസറി പണിയുന്നതിനോട് അനുബന്ധിച്ച് നടത്തേണ്ടിയിരുന്ന മതിൽ പണിയുന്നതിന് ഇതുവരെ ടെണ്ടർ വിളിക്കുകയോ മതിൽ പണിയുന്നതിനുവേണ്ടിയുള്ള നടപടിയോ നടന്നിട്ടില്ല. സ്വാഭാവികമായി 1949 മുതൽ ഇതുവരെ രോഗികളെ കിടത്തി ചികിൽസിച്ചിരുന്ന ഒരു ഡിസ്പെൻസറി എന്നുള്ള നിലയിൽ തുടർന്നും രോഗികളെ കിടത്തിചികിൽസിപ്പിക്കുന്നതിനുള്ള സൗകര്യമുള്ള ഡിസ്പെൻസറി ആക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ആ നാട്ടുകാരുടെ പ്രക്ഷോപണം നടന്നുകൊണ്ടിരിക്കുന്നു. ഡിസ്പെൻസറിക്ക് കിടത്തി ചികിത്സിക്കാൻ വാർഡ് ഉണ്ടാകുകയില്ല എന്ന അടിസ്ഥാനത്തിൽ ആശുപത്രി വികസന സമിതിയെ കൊണ്ട് കിടത്തി ചികിത്സിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള ഒരു കെട്ടിടം കെട്ടാൻ അവർ പണം കൊടുക്കാൻ തയ്യാറാണ് എന്നു കാണിച്ച് ഡി. എം. ഒ. യ്ക്ക് കെട്ടിടം പണിയുവാൻ അനുവാദത്തിന് അപേക്ഷിച്ചു. അതുപോലെതന്നെ ഹെൽത്ത് ഡയറക്ടർക്കും അപേക്ഷ കൊടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഞാൻ നേരിട്ടു കൊടുത്തു. അപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഗവൺമെൻറ് ആവശ്യമായ നടപടിയെടുക്കാൻ നിർദ്ദേശം കൊടുക്കാമെന്ന്. ഗവൺമെൻറിന്റെ ശുഷ്ക്കാന്തിക്കുറവുകൊണ്ട് മതിൽ ഇതുവരെ പണിതിട്ടുമില്ല; അതിന് ടെൻഡർ വിളിച്ചിട്ടുമില്ല; ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടിയിട്ടുമില്ല. വെള്ളവും കിട്ടിയിട്ടില്ല. ഇപ്പോഴും ഡിസ്പെൻസറി കിടക്കുന്ന സ്ഥലം ഒഴിഞ്ഞുകൊടുക്കണമെന്ന് Society നിർബന്ധിക്കുകയാണ്. നാട്ടുകാർ മുഴുവൻ ഇതിന്റെ അടിസ്ഥാനത്തിൽ പ്രക്ഷോഭണത്തിലാണ്. ഗവൺമെൻറിന്റെ പ്രഖ്യാപിത നയം ആരെങ്കിലും കിടത്തി ചികിൽസിപ്പിക്കാൻ കെട്ടിടം പണിതുകൊടുക്കാൻ തയ്യാറാണ് എന്നുപറഞ്ഞ് മുന്നോട്ടുവന്നാൽ അതിന് ഗവൺമെൻറിന് അനുവാദം കൊടുക്കുമെന്നുള്ളതാണ്. കെട്ടിടം പണിയാൻ വികസന സമിതിയ്ക്ക് അനുവാദവും, കണക്ഷൻ കൊടുക്കുകയും, വെള്ളത്തിനുസൗകര്യം ഏർപ്പെടുത്തി മതിലുകൂടെ കെട്ടിത്തീർക്കുകയും ചെയ്താൽ ഈ ഡിസ്പെൻസറി അവിടെ നിന്ന് മാറ്റാൻ കഴിയും. കോ-ഓപ്പറേറീവ് സൊസൈറ്റിക്കാർ നിർബന്ധമായും പറയുകയാണ് അവരുടെ കെട്ടിടത്തിൽനിന്ന് മാറണമെന്ന്. അവർ കേസിനുവരെ പോകാൻ തയ്യാറായി നിൽക്കുകയാണ്. ആ നിലയിൽ കെട്ടിടം പണിയുന്നതിന് ആശുപത്രി സമിതിക്ക് അനുവാദവും, മതിൽ കെട്ടിത്തരുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ ഈ ഇലക്ട്രിസിറ്റി കണക്ഷനും, വെള്ളത്തിനുള്ള നടപടികളും ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട ശ്രീമതി ഗൗരിയമ്മ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഗവൺമെൻറ് ഡിസ്പെൻസറി കോ-ഓപ്പറേറീവ് ഡിസ്പെൻസറിയുടെ കെട്ടിടത്തിലാണ് നടന്നുവന്നിരുന്നത്. അത് ഒഴിയണമെന്നുപറഞ്ഞപ്പോഴും സ്വന്തമായി ഒരു കെട്ടിടം പണി ചെയ്തു. ഞാൻ പരിശോധിച്ചപ്പോഴും അവിടെ രോഗികളെ കിടത്തി ചികിൽസിപ്പിക്കാനുള്ള ഗവൺമെൻറ് സാംഗ്ഷനില്ല. പക്ഷേ അതേ അവസരത്തിൽ അവിടത്തെ ഡോക്ടർമാർക്ക് ആ സൊസൈറ്റി ബിൽഡിംഗിൽ അതിനുള്ള സൗകര്യമുള്ളതുകൊണ്ട് രണ്ടുമൂന്ന് കിടക്കകളിട്ട് രോഗികളെ കിടത്തി ചികിൽസിക്കാറുണ്ടായിരുന്നു. കിടത്തി ചികിൽസിപ്പിക്കാൻ ഉള്ളതാണെങ്കിൽ സാംഗ്ഷൻ താമസം വരുകയില്ലെന്ന് വിചാരിച്ചാണ് ഉടനെതന്നെ അതിന്റെ കടലാസ്സ് വരുത്തി നോക്കിയത്. അപ്പോഴും കിടത്തി ചികിൽസിക്കാൻ ഗവൺമെൻറിൽനിന്ന് സാംഗ്ഷൻ ഇല്ലാത്തതുകൊണ്ട് അതിനുവേണ്ടിയുള്ള ഒരു സംവിധാനം ഏർപ്പെടുത്താൻ ഗവൺമെൻറിന് നിവിർത്തിയില്ലാതെ വന്നു. എങ്കിലും ബഹുമാനപ്പെട്ട ശ്രീമതി ഗൗരിയമ്മ തന്നെ മെമ്മോറാണ്ടത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ഞാൻ തന്നെ ഇത് ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമാക്കി മാറ്റി. അവിടെ 5 മുതൽ 10 വരെ കിടക്കകൾ ഇടാനുള്ള പ്രൊവിഷനുണ്ട്; അതിനുള്ള സ്റ്റാഫും ഉണ്ടാകും. അത് ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമാക്കി മാറ്റുകയും ഈ കെട്ടിടം പണിചെയ്യാനുള്ള സാംഗ്ഷൻ കൊടുക്കുകയും ചെയ്യാം.

V. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 28-മത് റിപ്പോർട്ട്

ശ്രീ. പി. എം. ഹസ്സൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 28-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

(1) 1986-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും) ഭേദഗതിബിൽ

ശ്രീ. ടി. എസ്. ജോൺ : Sir, I move that the Kerala Private Forests (Vesting and Assignment) Amendment Bill, 1986 be referred to the appropriate Subject Committee.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഒ. ഭരതൻ]

സർ, 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ് ആക്ട് അനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് ഒരു ലക്ഷത്തിൽപ്പരം ഹെക്ടർ സ്വകാര്യ വനങ്ങൾ ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്ന ഒരവസ്ഥയിൽ ഫോറസ്റ്റ് ട്രിബ്യൂണലുകളിലേയും ഹൈക്കോടതികളിലേയും കേസുകളിലെ വിധിപ്രകാരം എണ്ണായിരത്തിൽപ്പരം ഹെക്ടർ സ്ഥലം അതായത് ഇരുപത്തിരണ്ടായിരത്തോളം ഏക്കർ സ്ഥലം അപേക്ഷകരായ പ്രൈവറ്റ് ഉടമകൾക്ക് തിരിച്ചുകൊടുക്കേണ്ടതായ ഒരു സ്ഥിതി വിശേഷമുണ്ടായി. അതിൽനിന്ന് ഈ രാജ്യത്തെ രക്ഷിക്കാൻവേണ്ടി അതായത് എണ്ണായിരത്തിൽപ്പരം ഹെക്ടർ കൈവശ ഭൂമി നിലനിറുത്താൻവേണ്ടി ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഒരു അമൻറുമെൻറ് ബില്ലാണ് കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ് ബിൽ, 1986. എന്തുകൊണ്ടാണ് എണ്ണായിരത്തിൽപ്പരം ഹെക്ടർ സ്ഥലം തിരിച്ചുകൊടുക്കേണ്ടതായിട്ട് വന്നതെന്നുള്ളത് ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. ഫോറസ്റ്റ് ട്രിബ്യൂണലുകളിൽ കേസ് നടത്തിയതിന്റെ അപാകതമൂലവും അതുപോലെതന്നെ ഹൈക്കോടതിയിൽ സമയത്ത് പെറ്റീഷൻ കൊടുക്കാതിരുന്നതുമൂലവും കൊടുത്ത പെറ്റീഷനുകളിൽ സമയത്ത് ട്രിബ്യൂണലുകളിൽനിന്ന് ഓർഡറുകൾ വാങ്ങി കൊടുക്കാതിരുന്നതിന്റെ ഫലമായാണ് ഏതാണ്ട് എണ്ണായിരത്തിൽപ്പരം ഹെക്ടർ സ്ഥലം ഇന്ന് തിരിച്ചുപിടിക്കേണ്ടതായിവന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഈ ബില്ലുകളെക്കുറിച്ച് ഒരു കാര്യം ഞാൻ പറയുകയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബില്ലുകളെല്ലാംതന്നെ ഓർഡിനൻസ് റീപ്ലേയ്സ് ചെയ്യാനുള്ള ബില്ലുകളാണ്. അതിന് സമയവും നിശ്ചയിച്ച് ഇത് പാസ്സാക്കിയെടുക്കേണ്ട ആവശ്യം ഭരണകക്ഷിക്കാണ്. പാസ്സാക്കേണ്ട ചർച്ചയിൽ പങ്കെടുക്കേണ്ടതും പ്രതി

LIBRARY ARCHIVES Kerala Legislative Assembly